കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ഔഷധ വിതരണം

119 (811) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസുകളിലേക്കുള്ള ഔഷധ വിതരണം നിലച്ചതുമൂലം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ-അവശ്യ മരുന്നുകളുടെ ക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ ആവശ്യമായ സ്റ്റോക്കുകൾ എത്തിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടിവരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജീവൻരക്ഷാ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് കെ.എം.എസ്.സി.എൽ.-വഴി വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.

ജനറിക് മരുന്നുകളുടെ സൗജന്യവിതരണം

120 (812) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്കായി വർഷംതോറും എന്ത് തുക ചെലവാകും എന്ന് അറിയിക്കുമോ ;

(സി) ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാം എന്ന് വിശദമാക്കാമോ ;

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജനറിക് മരുന്നുകളാണ് 2008-09 സാമ്പത്തിക വർഷം മുതൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻമുഖേന സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുവരുന്നത്. 2007 നവംബർ മാസത്തിൽ കോർപ്പറേഷന്റെ രൂപീകരണത്തിനുമുമ്പുവരെ പ്രസ്തുത മരുന്ന് സംഭരണത്തിന്റെ ചുമതല ആരോഗ്യവകുപ്പിന് കീഴിലുള്ള സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റിക്കായിരുന്നു.

(ബി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണത്തിനായി കോർപ്പറേഷന് പ്രതിവർഷം ഏകദേശം 300 കോടി രൂപ ചെലവാകും.

(സി) മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടോൾഫ്രീ നമ്പരായ 1800 1202 202-ലോ രേഖാമൂലമോ ലഭിച്ചാലുടൻതന്നെ യുദ്ധകാലാടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണാറുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെയായി മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷനിൽ ആകെ 768 പരാതികൾ ലഭിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം തന്നെ പരിഹാരവും കണ്ടിട്ടുണ്ട്.

(ഡി) ഇൻഡന്റ് തയ്യാറാക്കുമ്പോൾ വളരെയധികം ശ്രദ്ധയോടെ തയ്യാറാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളെ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ജനറിക് മരുന്നുകളുടെ സൗജന്യ മരുന്ന് വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതാക്കുന്നതിനുമായി ഇ-ടെൻഡർ മുഖേനയുള്ള മരുന്ന് സംഭരണ പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണശാലകളിലൂടെ ലഭ്യമാക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ലബോറട്ടറികളിൽ പരിശോധിച്ച ഗുണനിലവാരം ഉറപ്പുവരുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം സമർപ്പിക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകളുടെ 10 ശതമാനം റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ ഡ്രഗ്സ് കൺട്രോൾ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ അടിയന്തര സന്ദർഭങ്ങളിൽ ഏതെങ്കിലും കാരണങ്ങളാൽ (വിതരണക്കാരെ ലഭിക്കാതെയോ, യഥാസമയം വിതരണം നടത്താതെയോ വരുന്ന സാഹചര്യങ്ങളിൽ) അവശ്യമരുന്നുകളുടെ ലഭ്യതകുറവ് അനുഭവപ്പെട്ടാൽ കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിതലത്തിൽതന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനും സർക്കാർതലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മരുന്നുവില നിയന്ത്രണം

121 (813) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മരുന്നുവില നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

<u>ഉത്തരം</u>

കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ് (NPPA) മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് യാതൊരുവിധ അധികാരവും നിലവിലില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്ന വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾവകുപ്പ് ചെയ്തുവരുന്നത്. നിലവിലുണ്ടായിരുന്ന ഔഷധ നയമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 1995 പ്രകാരം 74 ഇനം മരുന്നുകളും അവ ചേരുവയായിട്ടുള്ള വിവിധ ഫോർമുലേഷനുകളും മാത്രമാണ് 2011 വരെ കേന്ദ്ര സർക്കാർ ജീവൻരക്ഷാ മരുന്നുകളായി കണക്കാക്കി നിർമ്മാണ ചെലവ് അധിഷ്ഠിത വില നിർണ്ണയരീതി (Cost based) അനുസരിച്ച് വില നിശ്ചയിച്ചുറപ്പിച്ചിരുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഔഷധങ്ങൾക്കെല്ലാം തന്നെ നിർമ്മാതാക്കൾക്ക് വില നിശ്ചയിച്ച് വിപണിയിൽ ഇറക്കാൻ സ്വാതന്ത്ര്യം ഉള്ളതിനാൽ പല നിർമ്മാതാക്കളും നിർമ്മിക്കുന്ന ഒരേ മരുന്നിന് ഗണ്യമായ വില

LIBRARY ARCHIVES Kerala Legislative Assembly